**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 994** **18-09-2025 - ൽ മറുപടിയ്ക്ക്**

**ജണ്ട നിർമ്മാണത്തിലെ ക്രമക്കേടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. എ. കെ. എം. അഷ്റഫ്,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വനഭൂമിയുടെ അതിരുകൾ നിർണ്ണയിക്കുന്നതിനുള്ള ജണ്ട നിർമ്മാണത്തിൽ ക്രമക്കേടുകൾ നടന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ക്രമക്കേടുകൾക്ക് ഉത്തരവാദിയായവരെ കണ്ടുപിടിച്ചിട്ടുണ്ടോ; വിശദവിവരം നൽകുമോ; | (എ) | **ഉണ്ട്. സെൻട്രൽ സർക്കിൾ, തൃശ്ശൂർ ഈസ്റ്റേൺ സർക്കിൾ പാലക്കാട് നോർത്തേൺ സർക്കിൾ കണ്ണൂർ, സതേൺ സർക്കിൾ, കൊല്ലം എന്നീ സർക്കിളുകൾക്ക് കീഴിൽ ജണ്ട നിർമ്മാണത്തിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്. ഉത്തരവാദികളായവരെ കണ്ടുപിടിച്ചിട്ടുണ്ട്. ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിച്ചുവരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.** |
| (ബി) | സർക്കാരിനുണ്ടായ നഷ്ടം ഇവരിൽനിന്നും ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | **ഉണ്ട്. സർക്കാരിനുണ്ടായ നഷ്ടം ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്.** |
| (സി) | ഇത്തരം ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | കരാറുകാരുടെ മുൻകാല പരിചയവും, പ്രവർത്തന മികവും പരിശോധിച്ച് തെരഞ്ഞെടുക്കുകയും, നിർമ്മാണ പ്രവർത്തനങ്ങൾക്ക് അടങ്കൽ തയ്യാറാക്കുന്നതു മുതൽ പൂർത്തീകരണം വരെയുള്ള ഓരോ ഘട്ടത്തിലും കൃത്യമായ പരിശോധന ഉറപ്പ് വരുത്തുന്നതിന് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്ക് കർശന നിർദ്ദേശം നൽകുന്നുണ്ട്. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നേരിട്ട് പരിശോധന നടത്തുന്നുണ്ട്. സുതാര്യമായ ടെണ്ടർ നടപടികളിലൂടെയും, സാധനങ്ങളുടെ അളവും, ഗുണനിലവാരവും ഉറപ്പാക്കുന്നതിന് ഓരോ ഘട്ടത്തിലും പരിശോധന നടത്തി അപാകതകളില്ലാത്ത നിർമ്മാണ രീതി ഉറപ്പ് വരുത്തി വരുന്നുണ്ട്. അപാകതകൾ കണ്ടെത്തുന്ന പക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ കടുത്ത അച്ചടക്കനടപടിയ്ക്ക് വിധേയരാക്കുകയും, ഉദ്യോഗസ്ഥരിൽ നിന്നും, കോൺട്രാക്ടർമാരിൽ നിന്നും സർക്കാർ നഷ്ടം ഈടാക്കുന്നതിനും, മാത്രമല്ല |

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട കോൺട്രാക്ടറെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

സെൻട്രൽ സർക്കിൾ, തൃശ്ശൂരിലെ മലയാറ്റൂർ ഡിവിഷനു കീഴിലെ 2018-19 സാമ്പത്തിക വർഷത്തിൽ കുട്ടമ്പുഴ റെയിഞ്ചിലെ ഉറിയംപെട്ടി ആദിവാസി ഉന്നതിക്ക് ചുറ്റും 108 ജണ്ടകൾ നിർമ്മിച്ചതിന്റെ പരിശോധന 2022-ൽ വനംവകുപ്പ് വിജിലൻസ് വിഭാഗം നടത്തുകയും, ടി ജണ്ടകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ചില അപാകതകൾ സംഭവിച്ചതായി കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് വനംവകുപ്പ് വിജിലൻസ് വിഭാഗത്തിന്റെ റിപ്പോർട്ടിന്മേൽ മലയാറ്റൂർ വനം ഡിവിഷനിൽ നിന്നും തുടർനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

ഈസ്റ്റേൺ സർക്കിൾ പാലക്കാടിന്റെ പരിധിയിൽ ജണ്ട നിർമ്മാണവുമായി ബന്ധപ്പെട്ട് വനംവകുപ്പ് വിജിലൻസ് വിഭാഗം നടത്തിയ പരിശോധനയിൽ നിലമ്പൂർ നോർത്ത്, മണ്ണാർക്കാട്, നെന്മാറ, പാലക്കാട് എന്നീ ഡിവിഷനുകളിൽ ജണ്ടകൾ നിർമ്മിച്ചതിൽ അപാകതകൾ കണ്ടെത്തിയിരുന്നു. അപ്രകാരമുള്ള ജണ്ടകളുടെ നിർമ്മാണത്തിലുള്ള അപാകതകൾ ബന്ധപ്പെട്ട കരാറുകാരെ കൊണ്ടുതന്നെ പരിഹരിച്ചിട്ടുള്ളതാണ്.

നോർത്തേൺ സർക്കിൾ കണ്ണൂരിന് കീഴിൽ നോർത്ത് വയനാട്, കാസർഗോഡ് ഡിവിഷനുകളിൽ ജണ്ട നിർമ്മാണത്തിൽ ക്രമക്കേടുകൾ നടന്നതായി കണ്ടെത്തിയിട്ടുണ്ട്. നോർത്ത് വയനാട് ഡിവിഷനു കീഴിൽ 2019-20 മുതൽ 2020-21 വർഷത്തിൽ നടത്തിയ ജണ്ട നിർമ്മാണത്തിൽ ഫീൽഡിൽ അളവുകൾ രേഖപ്പെടുത്തിയതിൽ വന്ന ചെറിയ പിഴവാണ് വിജിലൻസ് കണ്ടെത്തിയിട്ടുള്ളത്. കാസർഗോഡ് ഡിവിഷനിൽ കാഞ്ഞങ്ങാട് റെയിഞ്ചിനു കീഴിൽ മരുതോം സെക്ഷനിൽ പോപ്പുലർ ചുള്ളി ഭാഗത്ത് 2018-19 വർഷത്തിൽ ചെയ്ത പ്രവർത്തിയിൽ ക്രമക്കേട് കണ്ടെത്തിയിട്ടുണ്ട്. ആയതിൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, കാഞ്ഞങ്ങാട് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കാസർഗോഡ്, കോൺട്രാക്ടർ എന്നിവർ ഉത്തരവാദികളാണെന്ന് കണ്ടെത്തിയിട്ടുണ്ട്. കാഞ്ഞങ്ങാട് റെയിഞ്ചിലെ മരുതോം സെക്ഷനിൽ പാടി മുതൽ മരുതോം തട്ട് വരെ 2018-19 വർഷത്തിൽ നിർമ്മിച്ച 71 ജണ്ടകളിൽ വിജിലൻസ് വിഭാഗം പുനർനിർമ്മിക്കാൻ നിർദ്ദേശിച്ച 14 ജണ്ടകളും അറ്റകുറ്റപണി നടത്താൻ നിർദ്ദേശിച്ച 44 ജണ്ടകളും കരാറുകാരൻ സ്വന്തം ചെലവിൽ 2022-23 വർഷത്തിൽ പ്രവർത്തി പൂർത്തീകരിച്ചിട്ടുണ്ട്.

സതേൺ സർക്കിളിനു കീഴിൽ തിരുവനന്തപുരം, പനലൂർ, തെന്മല വനം ഡിവിഷനുകളിലെ ജണ്ട നിർമ്മാണത്തിൽ അപാകതകൾ കണ്ടെത്തിയിട്ടുണ്ട്. തെന്മല, പുനലൂർ ഡിവിഷനുകളുമായി ബന്ധപ്പെട്ട് അപ്രകാരം കണ്ടെത്തിയ അപാകതകൾക്ക് ഉത്തരവാദികളായ കരാറുകാർ മുഖേന പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം ഡിവിഷനിൽ നടന്ന ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചു വരുന്നു.